# ലൈഫ് മിഷൻ

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

## (പരിശീലന കൈപ്പുസ്തകം)

## ആമുഖം

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കി വരുന്ന പ്രധാനപെട്ട ഒരു പരിപാടി ആണ് നവ കേരള കർമ്മ പദ്ധതി. ജനങ്ങളുടെ അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറ പാകുന്നതിനും വേണ്ടിയുള്ള പ്രസക്തിയുള്ള ദൗത്യങ്ങൾ ആണ് നവകേരളം കർമ്മപദ്ധതി. താഴെ പറയുന്ന മിഷനുകൾ ആണ് നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- ലൈഫ് മിഷൻ
- ആർദ്രം മിഷൻ
- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം
- ഹരിത കേരളം.

## ലൈഫ് മിഷൻ

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. വെയിലും മഴയുമേല്ക്കാതെ താമസിക്കാനുള്ള ഒരു സങ്കേതം എന്നതിനുപരിയായി സമൂഹത്തിന്റെ പുരോഗതിക്കും സുരക്ഷിതമായ നിലനിൽപ്പിനുമായി ക്രിയാത്മക ഇടപെടൽ നടത്താനാകുന്ന ഉത്തമ പൗരന്മാരായി നമ്മുടെ ജനതയെ നിലനിർത്താൻ സഹായിക്കുന്ന അടിസ്ഥാന സാമൂഹികഘടകം കൂടിയാണ് വീടുകൾ. അതു കൊണ്ട് തന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട് ."ഭവനരഹിതരില്ലാത്ത കേരളം" എന്ന ലക്ഷ്യം മുൻനിർത്തിയുള്ള

സമഗ്രപരിപാടിയായ LIFE മിഷൻ പ്രവർത്തനത്തിന് സംസ്ഥാനത്തിന്റെ വികസനരംഗത്ത് പ്രത്യേക പ്രാധാന്യമുണ്ട്.

ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന മഹത്തായ ലക്ഷ്യത്തി ലേക്കുള്ള യാത്രയാണ് സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.

പലപ്പോഴും പൂർണതയിൽ എത്താൻ ബുദ്ധിമുട്ടുന്ന സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളെയും നികത്തുന്ന രീതിയിലും സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും ഏറ്റവും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞു കണ്ടെത്തുന്ന രീതിയിലുമാണ് ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഭവനം എന്നതിനുമപ്പുറം ജീവിതോപാധിയ്ക്കും കൂടി സൗകര്യം നൽകിക്കൊണ്ട് രൂപകല്പന ചെയ്യുന്ന മിഷന്റെ ഭവനസമുച്ചയങ്ങൾ എന്ന ആശയം സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമുള്ള ലൈഫ് മിഷന്റെ ഉന്നത ലക്ഷ്യത്തിന്റെ ഭാഗമാണ്.
സംസ്ഥാന സർക്കാരിന്റെ പതാക വാഹക പദ്ധതി ആയ നവ കേരള മിഷന്റെ നാല് മിഷനുകളിൽ ഏറ്റവും പ്രധാനപെട്ടതും, ഏറ്റവും ചെലവ് പ്രതീക്ഷികുന്നതുമായ പദ്ധതിയാണ് ലൈഫ് മിഷൻ.

## ലൈഫ് മിഷൻ ഘടന

(സാ.ഉ (പി) നം. 10/2017/ആ.സാ.വ തീയതി 19.04.2017 ഉത്തരവ് പ്രകാരം രൂപീകൃതം ആയിട്ടുള്ളത്)

- സംസ്ഥാന ലൈഫ് മിഷൻ ( ബഹു: മുഖ്യമന്ത്രി അധ്യക്ഷനും, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സഹ അധ്യക്ഷനും, ധനകാര്യം, റെവന്യൂ , സാമൂഹിക നീതി, വൈദ്യുതി,ജലവിഭവം,തൊഴിൽ,പട്ടികജാതി – പട്ടിക വർഗ്ഗ വികസനം, ഫിഷറീസ് , വകുപ്പ് മന്ത്രിമാരും ആസൂത്രണ ബോർഡ് ഉപ അധ്യക്ഷനും ഉപ അദ്ധ്യക്ഷന്മാർ. )
- സംസ്ഥാനതല എംപവേർഡ് സമിതി (എസ്.എൽ.ഇ.സി.)
- സംസ്ഥാനതല ലൈഫ് മിഷൻ കർമ്മസമിതി
- ജില്ലാ തലത്തിലും,തദ്ദേശ സ്ഥാപന തലത്തിലും നവകേരള മിഷനു വേണ്ടി രൂപീകരിച്ച മിഷനുകൾ
- മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വിവിധ തലത്തിൽ കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്.

വാർഷിക പദ്ധതി ആസൂത്രണത്തിനു വേണ്ടി തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ബന്ധപ്പെട്ട മേഖലാ വർക്കിംഗ് ഗ്രൂപ്പ് ( ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ദാരിദ്ര ലഘൂകരണ വിഭാഗം വർക്കിംഗ് ഗ്രൂപ്പും, നഗരസഭയിൽ പാർപ്പിട വർക്കിംഗ് ഗ്രൂപ്പും)

<u>മറ്റു ഭവന പദ്ധതികളിൽ നിന്നുള്ള വ്യത്യാസം</u>

സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികൾ പ്രധാനമായും ഭൂമിയുള്ള ഭവന രഹിതരെ ലക്ഷ്യം വച്ച് നടപ്പിലാക്കിയപ്പോൾ ലൈഫ്

മിഷനിൽ ഭൂരഹിത ഭവന രഹിതരെ സഹായിക്കുന്നതിനൊപ്പം ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ലൈഫ് മിഷൻ ഒരുക്കുന്നതാണ്. കൂടാതെ ഭൂരഹിത ഭവന രഹിതരെ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ സംയോജനം, ഭവന നിർമ്മാണത്തിനു സഹായകം ആകുന്ന മറ്റു പദ്ധതികളുടെ പ്രയോജനം ഉപയോഗപ്പെടുത്തൽ.

## ഗുണഭോക്താക്കൾ

ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ
2. ഭൂരഹിത ഭവനരഹിതർ
3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
4. പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യ മല്ലാത്തതോ ആയ ഗുണഭോക്താക്കൾ.

## നിർവ്വഹണ രീതി

1. ഭൂമിയുള്ള ഭവനരഹിതർക്ക് സാമ്പത്തിക സഹായം നൽകി അവർ നേരിട്ട് ഭവനനിർമ്മാണം നടത്തുക.

   യൂണിറ്റ് നിരക്ക് : ജനറൽ , പട്ടിക ജാതി വിഭാഗങ്ങൾക്ക് നാല് ലക്ഷം രൂപ , പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് യഥാർത്ഥ നിർമ്മാണ നിരക്ക് നൽകുന്നതാണ്.

2. ഭൂരഹിതരായവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ എന്നിവരെ എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവനസമുച്ചയം/ ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുക.

3. വിവിധ പദ്ധതികളിൽ ആനുകൂല്യം ലഭിച്ചെങ്കിലും നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ ഉള്ള മുഴുവൻ ഗുണഭോക്താക്കൾക്കും നാല് ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവ് നൽകി നിർമ്മാണം പൂർത്തീകരിക്കുക. പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്ക് യഥാർത്ഥ നിർമ്മാണ ചെലവ് നൽകുന്നതാണ്.

4. നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്ത ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുക.

## ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ

### ലൈഫ് മിഷൻ സർവ്വേ

യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും മുൻഗണനകൾ നിശ്ചയിക്കുകയുമാണ് ലൈഫ് മിഷന്റെ പ്രവർത്തനപരിപാടിയിലെ പ്രാഥമികവും സുപ്രധാനവുമായ ഘടകം. കുടുംബശ്രീ എ.ഡി.എസ്. സംവിധാനത്തെ ഉപയോഗിച്ച് ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ 2017 ഫെബ്രുവരി മാസം നടത്തി. 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഭവനരഹിതരായി കണ്ടെത്തിയവരുടെ ലിസ്റ്റും സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ ഭവനപദ്ധതികൾക്കായി അർഹർ എന്ന് കണ്ടെത്തിയ ഗുണഭോക്താക്കളുടെ നിലവിലുള്ള ലിസ്റ്റുമാണ് സർവ്വേയുടെ അടിസ്ഥാന രേഖയായി കണക്കാക്കിയത്. ഈ ലിസ്റ്റുകളിൽ ഒന്നും ഉൾപ്പെടാതെ അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കളെ കുടുംബശ്രീ എ.ഡി.എസ്. അയൽക്കൂട്ട സംവിധാനത്തെ ഉപയോഗിച്ച് നേരിട്ടും കണ്ടെത്തി. സർവ്വേയ്ക്ക് ഉപയോഗിച്ച അർഹതാ മാനദണ്ഡം ചുവടെ ചേർത്തിരിക്കുന്നു.

### അർഹത മാനദണ്ഡം-വസ്തുവും വീടും ഇല്ലാത്തവർ

1. സ്വന്തമായി /കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ

2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)

3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.

4. സർക്കാർ,/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല

5. സ്വകാര്യ ആവശ്യത്തിനു നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

## അർഹത മാനദണ്ഡം-വസ്തു ഉള്ള ഭവനരഹിതർ

1. സ്വന്തമായി /കുടുംബാംഗങ്ങളുടെ പേരിൽ ഭവനം ഇല്ലാത്തവർ/ പരമ്പരാഗതമായി ഭവനം കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ

2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)

3. സ്വന്തമായി വസ്തു ഉള്ളവർ.

(നഗരങ്ങളിൽ 5 സെന്റിന് താഴെയും ഗ്രാമങ്ങളിൽ 25 സെന്റിന് താഴെയും ഭൂമി ഉള്ളവർ മാത്രം. പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല)

4. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.

5.സർക്കാർ,/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലലെ ജീവനക്കാർ/പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല

6. സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനം ഇല്ലാത്തവർ.

## ഗുണഭോക്താക്കളുടെ മുൻഗണന

ലൈഫ് സമ്പൂർണ പാർപ്പിട സർവേയിലൂടെ ഗുണഭോക്താക്കളായി കണ്ടെത്തുന്നതിന് താഴെപ്പറയുന്ന വിഭാഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങൾക്കാണ് മുൻഗണന നിശ്ചയിച്ചിട്ടുള്ളത്.

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ

2. അഗതികൾ

3. 40% അംഗവൈകല്യമുള്ളവർ

4. ഭിന്നലിംഗക്കാർ

5. ഗുരുതരമാരകരോഗങ്ങളുള്ളവർ

6. അവിവാഹിതരായ അമ്മമാർ

7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ

8. വിധവകൾ

9. HIV +ve ആയ വ്യക്തികൾ

- റേഷൻ കാർഡില്ല എന്ന കാരണത്താൽ ഒഴിവായിപ്പോയിട്ടുള്ള അഗതികളെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുത്താം. പ്രത്യേക പരിശോധന നടത്തി തദ്ദേശ സ്ഥാപന സമിതിയുടെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ അഗതികളുടെ പേര് ഗുണഭോക്തൃപട്ടികയിൽ ചേർക്കാവുന്നതാണ്.

## പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത നിരവധി ആളുകൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. ആദ്യ ഘട്ടത്തിൽ അവർക്ക് അധിക സഹായം ലഭ്യമാക്കി ഭവന നിർമ്മാണം പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

2016 മാർച്ച് 31 ന് മുന്പായി ഏതെങ്കിലും ഭവന പദ്ധതിയിൽ ഉൾപെട്ട ധനസഹായം ലഭിക്കുകയും എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ ഗുണഭോക്താക്കൾ ആണ് ഈ ഘട്ടത്തിൽ വരുന്നത്. തദ്ദേശ സ്ഥാപനങ്ങൾ , വിവിധ വകുപ്പുകൾ പ്രകാരം കരാറിൽ ഏർപ്പെട്ടത്തിൽ പൂർത്തിയാകാത്ത 66760പേർ ഉണ്ട്

എന്ന് കണക്കാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ രജിസ്റ്റർകളിലും, രേഖകളിൽ നിന്നുമാണ് വകുപ്പുകൾ ഈ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്.നിലവിൽ കണ്ടെത്തിയിട്ടുള്ള ഭവനങ്ങളുടെ നിർമ്മാണം മാർച്ച് 31 , 2018 ന് മുൻപ് പൂർത്തീകരിക്കുക എന്നതാണ് മിഷൻ 2017-18 വർഷത്തിൽ ചെയ്തു കൊണ്ട് ഇരിക്കുന്നത്. ഇത്രയും ഗുണഭോക്താക്കൾ എത്ര ശതമാനം തുക വാങ്ങിച്ചു എന്ന് പരിശോധിച്ചതിനു ശേഷം ബാക്കി തുക നാല് ലക്ഷം രൂപയുടെ ആനുപാതികമായി നൽകാവുന്നതാണ്. ഇത്രയും ധനസഹായം നൽകിയാലും പണി പൂർത്തീകരിക്കാൻ കഴിയാത്തവരായുള്ളവരെ സഹായിക്കാൻ,പൊതുജനങ്ങളുടെ പങ്കാളിത്തവും സഹായവും ഉറപ്പു വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ടതാണ്. പൊതുജന പങ്കാളിത്തം പരമാവധി ഉറപ്പു വരുത്തിയെങ്കിൽ മാത്രമേ ഇത്തരം ഭവനങ്ങൾ പൂർത്തീകരിക്കാൻ കഴിയൂ.

## വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം - കരട് മാർഗ നിർദ്ദേശങ്ങൾ

ലൈഫ് മിഷൻ ഗുണഭോക്തക്കളെ കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ സർവ്വേയിൽ 5.15 ലക്ഷത്തോളം ഭവന രഹിതരെ ആണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 1.75 ലക്ഷം ഗുണഭോക്താക്കൾ ഭൂമിയുള്ള ഭവന രഹിതർ ആണ്.

- ലക്ഷ്യം - ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും ഭവനം
- 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ഭവനം നിർമ്മിച്ച് നല്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.
- ഓരോ ഗുണഭോക്താവും നിർദ്ദിഷ്ട അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തണം .

- ഏതെങ്കിലും മറ്റു ഭവന പദ്ധതിയിൽ വീട് നിർമ്മിക്കാൻ ധനസഹായം ലഭിച്ച് 12 വർഷം കഴിഞ്ഞിട്ടില്ലാത്തവർക്ക് വീടിനു അർഹത ഉണ്ടായിരിക്കുന്നതല്ല .

- വീടിനു ധനസഹായം ലഭിച്ച ശേഷവും തുക തിരിച്ചടച്ച് കരാർ റദ്ദാക്കിയവർക്കും ഭവനത്തിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

വ്യക്തിഗത ഭവനങ്ങളുടെ ഭൂമി സംബന്ധിച്ച വിഷയങ്ങൾ

- തീരദേശ മേഖലയിൽ വീട് നിർമ്മിക്കുമ്പോൾ CRZ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്
- വനപരിധിയിൽ താമസിക്കുന്നവർ 2006-ലെ വനാവകാശ നിയമപ്രകാരം ഭവനം നിർമ്മിക്കേണ്ടതാണ്
- ഭൂമിയുടെ കൈവശാവകാശ രേഖയോ പട്ടയമോ ഇല്ലാത്ത അവസരത്തിൽ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിരതാമസക്കാരാണെന്നുള്ള റവന്യൂ അധികാരികളുടെയോ (വില്ലേജ് ഓഫീസറുടെ) തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെയോ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീട് നൽകാവുന്നതാണ്

ഭവനത്തിൽ വേണ്ടത്

- അടുക്കള, ഡ്രോയിംഗ് കം ഡൈനിംഗ് ഹാൾ, രണ്ട് കിടപ്പ് മുറി, സെപ്റ്റിക് ടാങ്ക് ഉള്ള ടോയിലറ്റ് എന്നിവ നിർബന്ധമാണ്. വീട് നിർമ്മിക്കുമ്പോൾ തറവിസ്തീർണ്ണം ഏകദേശം 400 ചതുരശ്ര അടി ( ഉത്തരവിൽ ഇത് സംബന്ധിച്ച് കൃത്യമായ നിർദേശം നൽകുന്നതാണ്) ആയിരിക്കും.

- മേൽക്കൂര ഓട് പാകുകയോ കോൺക്രീറ്റ് ചെയ്യുകയോ ആവാം galvanized steel frame സ്ഥാപിച്ച് ഓട് പാകുന്നത് നല്ലതാണ്.

- എല്ലാ വിഭാഗം വീടുകൾക്കും ടൈപ്പ് ഡിസൈൻ നിർബന്ധമായിരിക്കും. 12 ടൈപ്പ് ഡിസൈൻ - ഗുണഭോക്താവ് നിർബന്ധമായും ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുകയും അത് പ്രകാരം തന്നെ വീട് നിർമ്മിക്കേണ്ടതുമാണ്.

ഐ.ടി അധിഷ്ഠിത മോനിട്ടറിംഗ്

ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുക പൂർണ്ണമായും ലൈഫ് മിഷൻ ഓൺലൈൻ സംവിധാനത്തിലൂടെ ആയിരിക്കും. വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോ ടാഗ്ഗിംങ്ങ് വഴി ട്രാക്ക് ചെയ്യേണ്ടതാണ്.

സംയോജനം

- ഭവന നിർമ്മാണത്തിന് ആവശ്യമായ സിമന്റ് ബ്ലോക്ക്, ഹോളോ ബ്രിക്ക്സ്, ജനൽ കട്ടിള, വാതിൽ കട്ടിള, ജാളി എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ ഗുണഭോക്താക്കൾക്ക് നൽക്കുന്നതാണ്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും സാധന സാമഗ്രികൾ നിർമ്മിച്ച് നൽകുന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള കിണർ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് നല്കാവുന്നതാണ്. വ്യക്തിഗത കക്കൂസ് ശുചിത്വ മിഷൻ മുഖേന .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷൻ ലഭ്യമാക്കാവുന്നതാണ്.

- നഗര പ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കേണ്ടതാണ്.

Corporate Social Responsibility / Donation - CSR Rules 2014

- 5 കോടി രൂപയോ അതിൽ കൂടുതലോ രൂപയുടെ ലാഭം നേടുന്ന കമ്പനികൾ CSR പ്രവർത്തനങ്ങളിൽ നിർബന്ധമായും പങ്കാളികളാകേണ്ടതാണ്.

- ഓരോ കമ്പനികളും CSR സമിതി രൂപീകരിക്കണം

- കമ്പനികൾ അവരുടെ ഏഴാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതിന് അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

## ലൈഫ് മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

- പി.ആർ.ഡി യുടെ സഹായത്തോടെ ഉചിതമായ പരസ്യങ്ങളിലൂടെ ഭവന രഹിതരുടെ ദയനീയവസ്ഥ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുക.

- പ്രാരംഭ ഘട്ടത്തിൽ, CSR ഫണ്ട് സമാഹരണത്തിന് കോർപറേറ്റുകളുടേയും ഗവൺമെന്റിന്റെയും പ്രതിനിധികളുടെ ഉന്നതതല കൂടിക്കാഴ്ച ആവശ്യമാണ്.

- CSR പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുക്കുന്ന കമ്പനികളെ തിരിച്ചറിയുക.

- ഉന്നതതല സംരംഭകർ / പൊതുമേഖലാ സ്ഥാപനങ്ങൾ / ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകൾ / പുതു തലമുറ ബാങ്കുകൾ / കമ്പനികൾ എന്നീസ്ഥാപനങ്ങളിൽ നിന്നും CSR fundസ്വരൂപിക്കാവുന്നതാണ്.

- സോഷ്യൽ മീഡിയ വഴി ആശയ പ്രചരണം.

- സിനിമാശാലകൾ വഴി ഹ്രസ്വ വീഡിയോ ദൃശ്യങ്ങൾ.

- സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി.

- എല്ലാ പ്രധാന മാധ്യമങ്ങളിലൂടെയും ലൈഫ് മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി ജനങ്ങളിൽ എത്തിക്കുക.

- റോഡ് ഷോകൾ / സ്പോർട്സ് / സാംസ്കാരിക പരിപാടികൾ വഴി പ്രചാരണ കാമ്പയിൻ.

- വിവിധ മാദ്ധ്യമങ്ങളിലൂടെ ലൈഫ് മിഷന്റെ ലക്ഷ്യങ്ങളും ആശയങ്ങളും പൊതുജനങ്ങളിലേക്കും കോർപ്പറേറ്റുകൾക്കും എത്തിക്കുക.

- CSR പ്രവർത്തനങ്ങളെ സ്ഥാപനവൽക്കരിക്കാനും ശക്തിപ്പെടുത്താനും ജിയോ-ടാഗിംഗ് സംവിധാനം നടപ്പിലാക്കുന്നത് പ്രയോജനപ്പെടുത്തുക.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് G.O 151/2017/LSGD തീയതി 31.07.2017 പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- CSR ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി ടി പ്രദേശത്തെ കമ്പനികൾ, സംരംഭകർ, വ്യവസായ പ്രമുഖർ എന്നിവരുടെ സ്ഥാപന ലിസ്റ്റ് തയ്യാറാക്കി ഭരണ സമിതി തീരുമാനപ്രകാരം തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കാവുന്നതാണ്.

- ഭവനനിധിയിലേക്ക് ധനസഹായത്തിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണ്.

- സംഭാവനകൾ സ്വീകരിക്കുന്നതിനായി വാർഡ്തലത്തിൽ കർമ്മസമിതി രൂപീകരിക്കേണ്ടതാണ്.

- ഇത്തരത്തിൽ സ്വരൂപിക്കുന്ന തുക പ്രസ്തുത വാർഡിലെ ഭവനങ്ങളുടെ പൂർത്തീകരണത്തിന് വിനിയോഗിക്കാവുന്നതും അധികം വരുന്നത് മറ്റ് ഭവനങ്ങളുടെ പൂർത്തീകരണത്തിന് വിനിയോഗിക്കാവുന്നതുമാണ്.

- തുകയുടെ വിനിയോഗം പൂർണ്ണമായും തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ ആരംഭിക്കുന്ന ഭവനനിധി അക്കൗണ്ട് മുഖാന്തിരം ആയിരിക്കേണ്ടതാണ്.

- ഭവനനിധി മുഖാന്തിരം സമാഹരിക്കുന്ന തുക ആകെ ഭവനങ്ങളുടെ നിർമ്മാണ ചെലവിന്റെ 10% എങ്കിലും ആയിരിക്കേണ്ടതാണ്.

- ഫണ്ട് സ്വരൂപിക്കുന്നതിന് പുറമേ സ്പോൺസർഷിപ്പ് വോളന്റിയറിങ്ങ് (ശ്രമദാനം) എന്നീ മാർഗ്ഗങ്ങളും സമയബന്ധിതമായ നിർവ്വഹണത്തിന് സ്വീകരിക്കാവുന്നതാണ്.

- എം.പി / എം.എൽ.എ വികസന ഫണ്ടുകൾ ലഭ്യമാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

- State Environmental Impact Assessment Agency ബിൽഡർമാർ / നിർമ്മാതാക്കൾ എന്നിവരുടെ കെട്ടിട സമുച്ചയങ്ങൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് Environmental clearance നൽകുന്നതിന് ആകെ പ്രോജക്ട് കോസ്റ്റിന്റെ 2 % CSR പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കുന്നതിന് വ്യവസ്ഥ നിർബന്ധമാക്കിയിട്ടുള്ളതാണ്. ടി വ്യവസ്ഥ പ്രകാരം ഏറ്റെടുക്കേണ്ട CSR പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## ഭവന സമുച്ചയങ്ങൾ

- എല്ലാ യൂണിറ്റുകളും കുറഞ്ഞ തോതിൽ വാടക/മെയിന്റനന്സ് ഫീ ഈടാക്കി നൽകുന്ന രീതി പരിഗണിക്കും.
- ഗുണഭോക്താക്കൾക്ക് അവർ ആഗ്രഹിക്കുന്ന കാലത്തോളം ഉപയോഗിക്കാൻ സാധിക്കും.
- കൈമാറ്റം ചെയ്യുന്നതിനോ മറിച്ച് വാടകക്ക് നൽകുന്നതിനോ അധികാരം ഉണ്ടാകുന്നതല്ല.
- അനന്തരാവകാശിക്ക് കൈമാറി നല്കാൻ അവസരം.

## ഭവന സമുച്ചയങ്ങളിൽ ഒരുക്കുന്ന പ്രധാന സംവിധാനങ്ങൾ

- ലൈഫ് ഭവന സമുച്ചയങ്ങളിൽ അവിടുത്തെ താമസക്കാരുടെ സാമൂഹിക ഉന്നമനം, സാമ്പത്തികം മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ,തൊഴിൽ അവസരങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ , മഴവെള്ള സംഭരണി, മാലിന്യജല പരിപാലന സംവിധാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. അംഗൻവാടി ,സ്കൂൾ വിദ്യാഭാസ സൗകര്യം ,പഠനത്തിൽ പിന്നോട്ട് നിൽക്കുന്നവർക്കുള്ള പ്രത്യേകം കോച്ചിംഗ് ,ഇംഗ്ലീഷ്,ഐ.ടി വിദ്യാഭാസത്തിന് പ്രത്യേക ഊന്നൽ,കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് , നൈപുണ്യ വികസന പരിശീലനം ,ഉന്നത വിദ്യാഭാസത്തിന് തയ്യാറെടുക്കുന്ന കുട്ടികൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ പരിശീലനം,ആരോഗ്യ പരിരക്ഷ,വിവാഹസഹായം, ശിശുസംരക്ഷണ- വയോജന പരിപാലന സൗകര്യങ്ങൾ,വിവാഹസഹായം,ശിശുസംരക്ഷണ-വയോജനപരിപാലന സൗകര്യങ്ങൾ,പാലിയേറ്റീവ് കെയർ,സാമൂഹിക സുരക്ഷാ പെൻഷൻ.

ഭവന സമുച്ചയത്തിനുള്ള ഭൂമി

- തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതിയിലുള്ള ഭൂമി
- വിവിധ വകുപ്പുകളുടെ ഉടമസ്ഥതിയിലുള്ള ഭൂമി
- ഭൂമി വാങ്ങൽ
- ഭൂമി ദാനം

ഭൂമി വാങ്ങൽ/ഏറ്റെടുക്കുമ്പോൾ ഉള്ള മാനദ്ധണ്ടങ്ങൾ

- കുറഞ്ഞത് 50 സെന്റ് ഭൂമി ഉണ്ടാകണം.
- തദ്ദേശ സ്ഥാപനങ്ങൾ നിലവിൽ വസ്തു ആർജ്ജിക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടികൾ പാലിക്കേണ്ടതാണ്.
- തണ്ണീർതട സംരക്ഷണ നിയമം, വനഭൂമി, CRZ എന്നിവയിൽ ഉൾപ്പെടരുത്.
- മാസ്റ്റർ പ്ലാൻ പ്രകാരം ഭവന നിർമ്മാണം അനുവദനീയമാകണം.
- KMBR/KPBR പ്രകാരം ഭവന സമുച്ചയ നിർമ്മാണത്തിനു അനുയോജ്യമായ ഭൂമിയാകണം.
- KMBR/KPBR പ്രകാരം ഭവന സമുച്ചയ നിർമ്മാണത്തിനു ആവശ്യമായ വീതി റോഡിനു ഉണ്ടാകണം.
- കുടി വെള്ളത്തിനും,നിർമ്മാണത്തിനും ഉള്ള വെള്ളം യഥേഷ്ടം ലഭ്യമാകണം.
- കഴിവതും ആശുപത്രി,സ്കൂൾ എന്നിവ സമീപത്ത് ഉണ്ടാകണം.
- അംഗീകരിച്ചതോ അംഗീകരിക്കാൻ സാധ്യത ഉള്ളതോ ആയ മാസ്റ്റർ പ്ലാനുകൾ , റോഡ് വീതി കൂട്ടൽ എന്നിവ മൂലമുള്ള തടസ്സങ്ങൾ ഉണ്ടാകരുത്.
- സെപ്റ്റിക് ടാങ്കിൽ നിന്നും സോക് പിറ്റിലേക്ക് വിടുന്ന ജലം ആഗിരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം ( പൊതുജന പരാതി ഇല്ലാതെ).
- ഒറ്റപ്പെട്ട സ്ഥലം ആണ് എന്ന പ്രതീതി ഉണ്ടാകരുത്
- വന്യജീവി ശല്യം ഇല്ലാത്ത സ്ഥലം ആയിരിക്കണം.

## പ്രധാന സർക്കാർ ഉത്തരവുകൾ

- **സാ.ഉ (പി) നം.** 10/2017/**ആ.സാ.വ തീയതി** 19.04.2017
- **സാ.ഉ (എം.എസ്സ് ) നം.** 151/2017/**ത.സ്വ.ഭ.വ തീയതി** 31.07.2017
- **സാ.ഉ (എം.എസ്സ് ) നം.** 196/2017/**ത.സ്വ.ഭ.വ തീയതി** 11.10.2017